ആദിവാസി കോളനിയിലെ ജനങ്ങൾക്ക് ഭൂമി നൽകുന്നത്

259 (644) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ ആദിവാസി കോളനിയിലെ ജനങ്ങൾക്ക് കൃഷിയ്ക്കും, വീട് വയ്ക്കുന്നതിനും ആവശ്യമായ ഭൂമി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കംപുഴ തുടങ്ങിയ ആദിവാസി കോളനികളിലെ ജനങ്ങൾക്ക് ഭൂമി നല്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് ഭൂമി വിതരണം ചെയ്യുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽ 9 പേർക്ക് 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ 25 സെന്റ് ഭൂമി വീതം ആകെ 2.25 ഏക്കർ ഭൂമി 92,48,490 രൂപ ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്. നിലവിൽ 14 അപേക്ഷകളിൽ ലീഗൽ സ്റ്റഡിനി ലഭ്യമായിട്ടുണ്ട്. ആയതിൽ പർച്ചേസിംഗ് കമ്മിറ്റി ചേർന്ന് അർഹരായവർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കുമ്പുഴ തുടങ്ങിയ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വനാവകാശ നിയമപ്രകാരം കൈവശരേഖ നൽകിയിട്ടുണ്ട്. ഇനിയും തീർത്തും ഭൂമി ഇല്ലാത്തവർക്ക് നിലവിലെ 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂൾ

260 (645) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവൃത്തിക്കുന്നുണ്ട്;പ്രസ്തുത സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടിസ്ഥാന സൗകര്യവികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എത്ര ഫണ്ട് ചെലവഴിച്ചു; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly